**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4252** **09-08-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരത പ്രസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന് മാതൃകയാകും വിധം സമ്പൂർണ സാക്ഷരത കൈവരിച്ച സംസ്ഥാനത്ത് തുടർ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് സാക്ഷരത പ്രസ്ഥാനം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരളം സമ്പൂർണ സാക്ഷരത കൈവരിച്ചെങ്കിലും ആദിവാസി-തീരദേശ-ഭാഷാ ന്യൂനപക്ഷ മേഖലകളിൽ നിരക്ഷരതയുടെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരർ അവശേഷിക്കുന്നതായും കണക്കുകൾ ഉണ്ട്. നിരക്ഷരത കൂടുതലുള്ള ഈ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക പദ്ധതികൾ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരികയാണ്. 1991-ലെ സമ്പൂർണ സാക്ഷരതാ യജ്ഞത്തിനുശേഷം ഏറ്റവുമധികം നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞത് 2016-21 കാലഘട്ടത്തിലാണ്. 108057 പേരാണ് ഈ കാലഘട്ടത്തിൽ സാക്ഷരരായത്. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിനായി തുല്യതാകോഴ്സുകൾ നടത്തി വരുന്നു. നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കണ്ടറി എന്നീ തുല്യതാ കോഴ്സുകൾ നിലവിലുണ്ട്. കൂടാതെ അച്ചീഹിന്ദ്, പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും നടപ്പിലാക്കിവരുന്നു. |
| (ബി) | സാക്ഷരത പ്രസ്ഥാനത്തെ പുതിയ ഒരു നവോത്ഥാന പ്രസ്ഥാനമായി രൂപപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ സാമൂഹ്യ സാക്ഷരതാപരിപാടികൾ സാക്ഷരതാമിഷൻ നടപ്പിലാക്കി വരുന്നു. പരിസ്ഥിതി സാക്ഷരത. ഭരണഘടനാസാക്ഷരത, ലിംഗസമത്വബോധന പരിപാടിയുടെ ഭാഗമായി നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ എന്ന പ്രദർശനവും പ്രഭാഷണങ്ങളും എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിരുന്നു. സംസ്ഥാന വ്യാപകമായി ഭരണഘടനാ സാക്ഷരതാ സന്ദേശയാത്രനടത്തി. "ഇന്ത്യ എന്ന റിപ്പബ്ലിക് "എന്ന പേരിൽ പ്രദർശനം സംഘടിപ്പിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ മാധ്യമ സാധ്യതകൾ ഉപയോഗിച്ചു കൊണ്ട് നവോത്ഥാനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ |

| | | | |
|---|---|---|---|
| | | | അവബോധം രൂപീകരിക്കാനുള്ള പ്രവർത്തനം നടത്തിവരുന്നു. |
| (സി) | രാജ്യത്തോടും സമൂഹത്തോടും കൂറുള്ള പുതിയ തലമുറയെ വാർത്തെടുക്കാൻ സാക്ഷരത പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിരക്ഷരരോ, സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്ന് കൊഴിഞ്ഞുപോയവരോ ആയ പതിനഞ്ചു വയസു മുതൽ പ്രായമുള്ളവരാണ് സാക്ഷരതാമിഷന്റെ പഠിതാക്കൾ. ഇവർക്കുള്ള പാഠപുസ്തകങ്ങളിൽ സാമൂഹ്യപ്രതിബദ്ധതയ്ക്കും ഭരണഘടനാ മൂല്യങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാക്ഷരതാ- തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്കൂൾ- കോളേജ് വിദ്യാർത്ഥികളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുന്നു. അതിഥി തൊഴിലാളികൾക്കിടയിൽ സർവേ നടത്താനും അവരെ സാക്ഷരരാക്കാനുമായി പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ മാത്രം മുന്നോറോളം കോളേജ് വിദ്യാർത്ഥികൾ പ്രവർത്തിച്ചു. തിരുവനന്തപുരം നഗരസഭയുമായി സഹകരിച്ച് നടപ്പിലാക്കുന്ന അക്ഷരശ്രീ പദ്ധതിയുടെ സർവേ പ്രവർത്തനങ്ങളിൽ അയ്യായിരത്തോളം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ പങ്കെടുത്തു. യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധത രൂപപ്പെടുത്താൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. കൂടാതെ, സാമൂഹ്യ സാക്ഷരതാ പരിപാടിയിലൂടെ യുവാക്കളിൽ സാമൂഹ്യബോധം വളർത്താൻ ശ്രമിക്കുന്നുണ്ട്. വിവിധ സാക്ഷരതാ പദ്ധതികളിൽ ഇൻസ്ട്രക്ടർമാരായി പാർശ്വവത്കൃത മേഖലയിലെ നാലായിരത്തോളം യുവാക്കൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ പ്രവർത്തിച്ചു. ഇവർക്ക് നൽകിയ പരിശീലനങ്ങളിൽ സാമൂഹ്യപ്രതി ബദ്ധതയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വിപുലീകരിക്കാനും ശക്തമാ ക്കാനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ